ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.04.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ഇരു സഭകളും ഇന്ന് ചേരും. വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബിൽ ലോക്സഭ ഇന്ന് ചർച്ച ചെയ്യും.

   **Both houses of Parliament to meet today; Lok Sabha to discuss the Foreign Contribution (Regulation) Amendment Bill.**

2. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. വോട്ടെടുപ്പിന് ഇനി 8 നാൾ.

   **Assembly election campaigning intensifies in Kerala; 8 days left until polling.**

3. പൈപ്പിലൂടെയുള്ള പാചകവാതക കണക്ഷനുകൾ വേഗത്തിലാക്കുന്നതിനായുള്ള 'നാഷണൽ പി.എൻ.ജി ഡ്രൈവ് 2.0' ജൂൺ 30 വരെ ദീർഘിപ്പിച്ച് പെട്രോളിയം മന്ത്രാലയം.

   **Centre extends National PNG Drive till June this year to sustain momentum in PNG expansion across the country.**

4. 2027 ലെ ജനസംഖ്യ കണക്കെടുപ്പ് രാജ്യത്ത് ഇന്ന് മുതൽ ആരംഭിക്കും.

   **First phase of Census-2027 begins across the country today.**

5. പുതിയ ആദായനികുതി നിയമം ഇന്ന് പ്രാബല്യത്തിൽ വരും. പാൻ കാർഡ് അപേക്ഷയിലും മാറ്റം.

New Income Tax Act comes into effect today; changes introduced for PAN card applications.

6. ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ പഞ്ചാബ് കിംഗ്സ് ജയം

In IPL Cricket Punjab Kings secure victory against Gujarat Titans.

❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT TODAY

പാർലമെന്റിന്റെ ഇരു സഭകളും ഇന്ന് ചേരും. വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബിൽ , ജൻ വിശ്വാസ് (ഭേദഗതി) ബിൽ എന്നിവ ഇന്ന് ലോക്സഭ ചർച്ച ചെയ്യും. രാജ്യസഭയിൽ സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് (പൊതുഭരണം) ബിൽ, ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റസി കോഡ് (ഭേദഗതി) ബിൽ എന്നിവ ഇന്ന് ചർച്ചയ്ക്കു പരിഗണിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION –KERALA (INTRO)

കേരളത്തിൽ വോട്ടെടുപ്പിന് ഇനി 8 നാൾ മാത്രം ബാക്കി നിൽക്കേ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്.

വിശദാംശങ്ങളിലേക്ക്........

(ഹോൾഡ് വോയ്സ്...........)

കേന്ദ്ര സഹമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ എൽ മുരുഗനും ഇന്ന് തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION –KERALA (VOICE)

എൽഡിഎഫിൻറെ പ്രചാരണാർത്ഥം സിപിഐ എം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് ഇന്ന് കോട്ടയത്ത് പ്രചാരണത്തിനെത്തും. ബിഹാർ മുൻ ഉപമുഖ്യമന്ത്രി തേജസ്വി

യാദവ് ഇന്ന് കോഴിക്കോട് തിരഞ്ഞെടപ്പ് റാലിയിൽ പങ്കെടുക്കും. NDA യ്ക്കുവേണ്ടി കേന്ദ്രമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ രാജ് നാഥ് സിങ് ഇന്ന് തിരവുനന്തപുരത്ത് തിരഞ്ഞെടുപ്പ് പ്രചാരണം നടത്തും. പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ഇന്ന് കണ്ണൂരിൽ റോഡ് ഷോയിൽ പങ്കെടുക്കും. യുഡിഎഫ് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്നലെ കണ്ണൂരിലും കോഴിക്കോടും പ്രചാരണ യോഗത്തിൽ പങ്കെടുത്തു. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഇന്ന് കോഴിക്കോട് വിവിധ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ സംബന്ധിക്കും.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

## PM KERALA VISIT

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്രമോദി ഈ മാസം നാലിന് കേരളത്തിലെത്തും. തിരുവനന്തപുരത്ത് റോഡ് ഷോയിലും തിരുവല്ലയിൽ പൊതുപരിപാടിയിലും അദ്ദേഹം പങ്കെടുക്കും. ഒരാഴ്ചയ്ക്കിടെ രണ്ടാം തവണയാണ് ശ്രീ മോദി കേരളത്തിൽ പ്രചാരണത്തിനെത്തുന്നത്.

## HOME VOTING

മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ എന്നിവർക്ക് നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് സഹായിക്കുന്ന ഹോം വോട്ടിംഗ് സംസ്ഥാനത്ത് പുരോഗമിക്കുന്നു. 23,171 പേര് ഹോം വോട്ടിംഗ് ചെയ്യതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കേരളത്തിന് പുറമെ അസം, പുതുച്ചേരി എന്നിവിടങ്ങളിലും തിരഞ്ഞെടുപ്പ് കമ്മീഷൻ ഹോം വോട്ടിംഗിന് അനുമതി നൽകിയിട്ടുണ്ട്.

## PM GUJARAT

പശ്ചിമേഷ്യൻ സംഘർഷത്തിനിടയിലും ഇന്ത്യ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുജറാത്തിലെ വാവ്-താരാദ് ജില്ലയിലെ നാനിയിൽ ഇന്നലെ ഒരു പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ ആഘാതം രാജ്യത്തെ പൗരന്മാരെ ബാധിക്കാതിരിക്കാൻ കേന്ദ്ര സർക്കാർ ജാഗ്രത പുലർത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## PNG CONNECTION

രാജ്യവ്യാപകമായി പൈപ്പിലൂടെയുള്ള പാചകവാതക കണക്ഷനുകൾ വേഗത്തിലാക്കുന്നതിനായുള്ള 'നാഷണൽ പി.എൻ.ജി ഡ്രൈവ് 2.0' ജൂൺ 30 വരെ ദീർഘിപ്പിച്ചു. മാർച്ച് മാസത്തിൽ മാത്രം മൂന്ന് ലക്ഷത്തിലധികം പുതിയ കണക്ഷനുകൾ നൽകിയതായും പ്രതിദിനം ശരാശരി 50 ലക്ഷം എൽ.പി.ജി സിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ടെന്നും പെട്രോളിയം മന്ത്രാലയം അറിയിച്ചു. രാജ്യത്ത് പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ മതിയായ ശേഖരമുണ്ടെന്നും തെറ്റായ പ്രചാരണങ്ങളിൽ വിശ്വസിക്കരുതെന്നും സർക്കാർ വ്യക്തമാക്കി.

## WEST ASIA- DAILY BRIEF

പശ്ചിമേഷ്യൻ സംഘർഷ മേഖലയിലുള്ള ഇന്ത്യൻ കപ്പലുകളും ജീവനക്കാരും സുരക്ഷിതരാണെന്ന് തുറമുഖ-കപ്പൽ മന്ത്രാലയം അറിയിച്ചു. ഇതുവരെ 959 നാവികരെ സുരക്ഷിതമായി നാട്ടിലെത്തിച്ചു. ഫെബ്രുവരി 28-ന് ശേഷം 5.72 ലക്ഷം ഇന്ത്യക്കാർ വിദേശങ്ങളിൽ നിന്ന് മടങ്ങിയെത്തിയതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## US WARN IRAN

ഇറാനുമായുള്ള യുദ്ധത്തിൽ വരും ദിവസങ്ങൾ നിർണ്ണായകമാണെന്ന് യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ്

ഹെഗ്സെത്ത്. ഇറാനെതിരെയുള്ള സൈനിക നടപടികൾ തുടരുമ്പോഴും ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ യുഎസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇതുവരെ പതിനൊന്നായിരത്തിലധികം ഇറാനിയൻ ലക്ഷ്യങ്ങൾ തകർത്തതായി യുഎസ് ജനറൽ ഡാൻ കെയ്ൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## TRUMP-STRAIT OF HORMUZ

ഹോർമുസ് കടലിടുക്ക് തുറക്കാനുള്ള സൈനിക നീക്കങ്ങളിൽ നിന്ന് യുഎസ് സൈന്യത്തെ പിൻവലിക്കില്ലെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. സുപ്രധാനമായ ഈ സമുദ്രപാതയുടെ സുരക്ഷാ ഉത്തരവാദിത്തം മറ്റ് അന്താരാഷ്ട്ര സഖ്യകക്ഷികൾ കൂടി ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ലോകത്തെ 20 ശതമാനം എണ്ണ വിതരണവും നടക്കുന്ന ഹോർമുസിൽ നിലവിൽ വലിയ ഭീഷണികളില്ലെന്ന് അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## UAE AIR DEFENCES

ഇറാൻ തൊടുത്തുവിട്ട മിസൈലുകളും ഡ്രോണുകളും യുഎഇ പ്രതിരോധ സേന തകർത്തു. ഇന്നലെ നടന്ന ആക്രമണത്തിൽ 8 ബാലിസ്റ്റിക് മിസൈലുകൾ, 4 ക്രൂയിസ് മിസൈലുകൾ, 36 ഡ്രോണുകൾ എന്നിവയാണ് വ്യോമ പ്രതിരോധ സംവിധാനം ആകാശത്തുവെച്ച് തന്നെ നശിപ്പിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## ISRAELI FORCES

തെക്കൻ ലെബനനിൽ ഹിസ്ബുള്ളയുമായുള്ള പോരാട്ടം ശക്തമാക്കി ഇസ്രായേൽ സൈന്യം. കടുത്ത ഏറ്റുമുട്ടലിൽ നാല് ഇസ്രായേൽ സൈനികർ കൊല്ലപ്പെടുകയും രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ മൂന്ന് യുഎൻ സമാധാന സേനാംഗങ്ങൾ കൊല്ലപ്പെട്ടത് ഐക്യരാഷ്ട്രസഭയുടെ ശക്തമായ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## DEFENCE- BEL DEAL

വ്യോമസേനയ്ക്കായി രണ്ട് മൗണ്ടൻ റഡാറുകൾ വാങ്ങാനുള്ള 1,950 കോടി രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയവും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ഒപ്പുവെച്ചു. ഇത് 'ആത്മനിർഭർ ഭാരത്', 'മേക്ക് ഇൻ ഇന്ത്യ' പദ്ധതികൾക്ക് കൂടുതൽ കരുത്തേകുമെന്ന് മന്ത്രാലയം പറഞ്ഞു. DRDO യ്ക്ക് കീഴിലുള്ള ഇലക്ട്രോണിക്സ് ആൻഡ് റഡാർ ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ് രൂപകൽപ്പന ചെയ്ത ഈ റഡാറുകൾ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡാണ് നിർമ്മിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## CENSUS 2027 (INTRO)

2027 ലെ ജനസംഖ്യ കണക്കെടുപ്പ് രാജ്യത്ത് ഇന്ന് മുതൽ ആരംഭിക്കും. രണ്ട് ഘട്ടങ്ങളിലായാണ് സെൻസസ് നടപ്പാക്കുക.

**ഒരു റിപ്പോർട്ട്.....**

**(ഹോൾഡ് വോയ്സ്.........)**

രാജ്യത്തെ 16-ാമത് സെൻസസും, സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ എട്ടാമത്തെ സെൻസസും ആണിത്. ഡിജിറ്റൽ രീതിയിലായിരിക്കും സെൻസസ് നടപ്പാക്കുക. മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള വിവരശേഖരണത്തിന് പുറമേ, പൊതുജനങ്ങൾക്ക് സ്വയം വിവരങ്ങൾ നൽകാനാകുന്ന സെൽഫ്-എന്യൂമറേഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ വീടുകളുടെ വിവരശേഖരണവും രണ്ടാം ഘട്ടത്തിൽ വ്യക്തിഗത വിവരങ്ങളും ജാതി വിവരങ്ങളും ഉൾപ്പെടെയുള്ള ജനസംഖ്യാ കണക്കെടുപ്പ് നടത്തും.

**ന്യൂസ് ഡെസ്ക് ആകാശവാണി..........**

❁❁❁❁❁❁❁❁❁❁❁❁❁

## New financial year

പുതിയ സാമ്പത്തിക വർഷം ഇന്ന് ആരംഭിക്കുന്നതോടെ, പ്രധാന സാമ്പത്തിക നിയമ മാറ്റങ്ങൾ ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ പ്രാബല്യത്തിൽ വരും. ആറ് പതിറ്റാണ്ടിലേറെ പഴക്കമുള്ള ആദായനികുതി നിയമത്തിന് പകരം പുതിയ ആദായനികുതി നിയമം 2025 ഇന്ന് നിലവിൽ വരും. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം രാജ്യത്തെ എല്ലാ ഡിജിറ്റൽ പേയ്മെന്റ് ഇടപാടുകളും ഇന്ന് മുതൽ ടു-ഫാക്ടർ

ഓതെന്റിക്കേഷൻ മാനദണ്ഡങ്ങൾ പാലിക്കണം. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ഫാസ്റ്റ്ടാഗ് വാർഷിക പാസ് ഫീസും ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. പാൻ കാർഡിന് അപേക്ഷിക്കുന്നതിനോ അപ്ഡേറ്റ് ചെയ്യുന്നതിനോ ഉള്ള പുതുക്കിയ നിയമങ്ങളും ഇന്ന് പ്രാബല്യത്തിൽ വരും.

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ പഞ്ചാബ് കിംഗ്സ്സു ജയം. ഇന്നലെ ചണ്ഡീഗഡിൽ നടന്ന മത്സരത്തിൽ മൂന്ന് വിക്കറ്റിനാണ് ഗുജറാത്ത് ടൈറ്റൻസ് പരാജയപ്പെട്ടത്.ആദ്യം ബാറ്റ് ചെയ്ത ഗുജറാത്ത് ടൈറ്റൻസ് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 162 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ പഞ്ചാബ് കിംഗ്സ് 19.1 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 165 റൺസ് നേടി. ഇന്നത്തെ മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകുന്നേരം 7:30 ന് ലഖ്നൗവിലാണ് മത്സരം .

## JHARKHAND - HOCKEY

പതിനാറാമത് ഹോക്കി ഇന്ത്യ നാഷണൽ സബ് ജൂനിയർ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പിന് ഇന്ന് റാഞ്ചിയിൽ തുടക്കമാകും. വൈകുന്നേരം നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കായിക യുവജനകാര്യ വകുപ്പ് സെക്രട്ടറി മുകേഷ് കുമാർ മുഖ്യാതിഥിയാകും. ഈ മാസം 12 വരെയാണ് ടൂർണമെന്റ്.

## ASIAN TRACK CYCLING CHAMPIONSHIPS 2026

ഫിലിപ്പീൻസിൽ നടന്ന ഏഷ്യൻ ട്രാക്ക് സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ മൂന്ന് ദേശീയ റെക്കോർഡുകൾ സ്ഥാപിച്ചു ഇന്ത്യൻ താരങ്ങൾ. വനിതാ വ്യക്തിഗത പർസ്യൂട്ട് ഇനത്തിൽ സ്വസ്തി സിംഗ് പുതിയ ദേശീയ റെക്കോർഡ് സ്വന്തമാക്കി. വനിതാ ടീം സ്പ്രിന്റിലും വനിതാ ടീം പർസ്യൂട്ട് ഇനങ്ങളിലും താരങ്ങൾ ദേശീയ റെക്കോഡ് സ്വന്തമാക്കി . ഏഷ്യൻ ട്രാക്ക് സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ

ഇന്ത്യയുടെ മുൻ ദേശീയ റെക്കോർഡായ 50.33 സെക്കൻഡാണ് ഇന്ത്യൻ താരങ്ങൾ മറികടന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

പൈങ്കുനി ഉത്രം ഉത്സവത്തിനു സമാപനം കുറിച്ച് ശബരിമല ക്ഷേത്രനട ഇന്ന് അടയ്ക്കും. ഉത്സവത്തിന്റെ ഒൻപതാം ദിനമായ ഇന്നലെ രാത്രി ശ്രീഭൂതബലിക്ക് ശേഷം പള്ളിവേട്ട നടന്നു. പത്താം ഉത്സവദിനമായ ഇന്ന് സന്നിധാനത്ത് നിന്ന് ആറാട്ടിനായി പമ്പയിലേയ്ക്ക് തിരിക്കും. ഘോഷയാത്ര സന്നിധാനത്തു എത്തിയ ശേഷം ഉത്സവത്തിനു സമാപനം കുറിച്ചു കൊടിയിറക്കും. ഉത്സവ പൂജകൾ പൂർത്തിയാക്കി രാത്രി 10 ന് നടയടയ്ക്കും

❁❁❁❁❁❁❁❁❁❁❁❁❁

## SRI PADMANABHA SWAMY TEMPLE

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന് നടക്കും. സുന്ദരവിലാസം കൊട്ടാരത്തിനു മുന്നിൽ തയ്യാറാക്കുന്ന വേട്ടക്കളത്തിലാണ് പള്ളിവേട്ട. നാളെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ നാളെ വൈകുന്നേരം 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര,രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## SUPPLYCO-EASTER – VISHU

സംസ്ഥാനത്ത് സപ്ലൈകോ ഈസ്റ്റർ -വിഷു ഫെയറുകൾ ഇന്ന് ആരംഭിക്കും. ഈ മാസം 14 വരെയാണ് ഫെയറുകൾ. സപ്ലൈകോ മാവേലി സ്റ്റോറുകൾ ഒഴികെയുള്ള വില്പനശാലകളാണ് ഈസ്റ്റർ - വിഷു ഫെയറുകളായി മാറുന്നത്. വിഷുക്കൈനീട്ടം, 16 അവശ്യസാധനങ്ങൾ അടങ്ങിയ വിഷുക്കണി പ്രത്യേക കിറ്റ്, എന്നിവ സപ്ലൈകോ വിഷുവിനോട് അനുബന്ധിച്ച് ഒരുക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ANAYIRANKAL DAM

പന്നിയാർ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ ആനയിറങ്കൽ ഡാമിൻ്റെ ഷട്ടറുകൾ ഇന്ന് തുറക്കും. ഉച്ചയ്ക്ക് രണ്ട് മണി മുതൽ ഘട്ടം ഘട്ടമായാണ് വെള്ളം പുറത്തേക്കൊഴുക്കുക. വൈദ്യുതി ഉല്പാദനത്തിനായി പൊൻമുടി ഡാമിലേക്ക് ജലം എത്തിക്കുന്നതിൻ്റെ ഭാഗമായാണ് നടപടി. ഡാം തുറക്കുന്ന സാഹചര്യത്തിൽ പന്നിയാർ പുഴയുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

## EU-ENERGY-PRICES

യുഎസ്-ഇറാൻ യുദ്ധം അവസാനിച്ചാലും യൂറോപ്പിലെ ഇന്ധനവില ഉടനെങ്ങും കുറയില്ലെന്ന് യൂറോപ്യൻ യൂണിയൻ ഊർജ്ജ കമ്മീഷണർ ഡാൻ ജോർഗൻസൺ മുന്നറിയിപ്പ് നൽകി. നിലവിൽ യൂറോപ്പിൽ പ്രകൃതിവാതകത്തിന് 70 ശതമാനവും എണ്ണയ്ക്ക് 60 ശതമാനവും വില വർധിച്ചിട്ടുണ്ട്. ഇന്ധന ഉപഭോഗം കുറയ്ക്കാൻ വർക്ക് ഫ്രം ഹോം, പൊതുഗതാഗതം എന്നിവ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം അംഗരാജ്യങ്ങളോട് നിർദ്ദേശിച്ചു.